(ഡി) ഉണ്ടെങ്കിൽ അതിന് രൂപം നൽകുന്നതിനായി ഒരു ഹൈപവർ കമ്മിറ്റി രൂപീകരിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയുടെ സമഗ്രവികസനം

113. [113] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്ക ജില്ലയായ കാസർകോഡ് ജില്ലയുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിന്റെ തുടർ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയുടെ സമഗ്രവികസനത്തിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയുടെ സമഗ്രവികസനത്തിനായി വിവിധ വകുപ്പുകളുടെ ജില്ലാ തലവൻമാരുമായി ആസൂത്രണ സാമ്പത്തിക കാര്യ സെക്രട്ടറി പ്രാഥമിക ചർച്ച നടത്തുകയും ജില്ലാതല അദ്ധ്യക്ഷന്മാരും വകുപ്പദ്ധ്യക്ഷന്മാരുമായി മുഖ്യമന്ത്രി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ ജനപ്രതിനിധികൾ വിവിധ വകുപ്പുകളുടെ ജില്ലാതലവൻമാർ, വകുപ്പദ്ധ്യക്ഷന്മാർ വകുപ്പ് സെക്രട്ടറിമാർ എന്നിവരുമായി ഒരു ഉന്നതല യോഗം 5-12-2005-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും വിവിധ വികസന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനിക്കുകയും ചെയ്തു.

(ബി) പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

റോഡപകടങ്ങൾ

114. [114] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ജനുവരി മുതൽ 2006 ജനുവരി വരെ സംസ്ഥാനത്ത് റോഡപകടങ്ങൾമൂലം എത്ര പേർ മരണമടഞ്ഞിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly